## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3771
## 21.06.2019- ലെ മറുപടിക്ക്

## സേവന നികുതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ഡോ. ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | വിദ്യാർത്ഥികളുടെ ഫീസും ആശുപത്രി സേവനങ്ങളുടെ നിരക്കും ഉയർത്തുന്നത് സാധാരണക്കാരെ തീർത്തും പ്രതികൂലമായി ബാധിക്കുമോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എല്ലാ സേവനനിരക്കുകളിലും സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാത്തവിധം നാമമാത്രമായ വർദ്ധനവ് മാത്രമാണ് 2019-ൽ വരുത്തിയിട്ടുള്ളത്. ആരോഗ്യ / വിദ്യാഭ്യാസ വകുപ്പുകൾക്കും 2019-ലെ 5% നിരക്ക് വർദ്ധനവ് ബാധകമാണെങ്കിലും ആരോഗ്യ വകുപ്പിൽ നിരക്ക് വർദ്ധനവ് നാളിതുവരെ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മാത്രമാണ് വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് ഈടാക്കുന്ന ഫീസുകളെ ഒഴിവാക്കികൊണ്ടുള്ള വർദ്ധനവ് നിലവിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. നാല് പതിറ്റാണ്ട് മുമ്പ് നിശ്ചയിച്ച നിരക്കുകളാണ് നിലവിൽ ആരോഗ്യവകുപ്പിൽ പ്രാബല്യത്തിൽ ഉള്ളത്. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭൂരിപക്ഷ ജനവിഭാഗവും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ വരുമെന്നതിനാൽ സാധാരണക്കാരെ നിരക്ക് വർദ്ധന പ്രതികൂലമായി ബാധിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. |
| (ബി) | പ്രളയ സെസ്സും സേവനനികുതി വർദ്ധനവും ജനജീവിതം ദു:സ്സഹമാക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ചരക്കുസേവന നികുതി നിലവിൽ വന്നപ്പോൾ ഭൂരിപക്ഷം ചരക്കുകൾക്കും നികുതിഭാരം കുറയുകയാണുണ്ടായത്. പിന്നീട് ചരക്കുസേവന നികുതി 28% നിരക്കിൽ നികുതി ചുമത്തിയിരുന്ന പല സാധനങ്ങൾക്കും നികുതി കുറയ്ക്കുകയുണ്ടായി. ഡീമോണിറ്റൈസേഷൻ, ജി.എസ്.ടി,, പ്രളയം എന്നിവ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ കാര്യമായി ബാധിച്ചു. നിലവിൽ ചരക്ക്/ സേവനങ്ങളുടെ മൂല്യത്തിൽ അന്തിമ വിതരണ |

| | | |
|---|---|---|
| | | ഘട്ടത്തിൽ മാത്രമാണ് 1% സെസ്സ് ചുമത്തുന്നത്. അതിനാൽ കാര്യമായ വിലക്കയറ്റം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. മാത്രമല്ല, സാധാരണക്കാർക്ക് സെസ്സ് നടപ്പിലാക്കുമ്പോൾ വിലക്കയറ്റം ബാധിക്കാ തിരിക്കാൻ 5% മാത്രം ചരക്കുസേവന നിരക്ക് ബാധകമായ എല്ലാ നിത്യോപയോഗ സാധനങ്ങളെയും സെസ്സ് പിരിക്കേണ്ട ഉൽപന്നങ്ങളുടെ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോംപോണ്ടിംഗ് പദ്ധതി സ്വീകരിച്ച ചെറുകിട വ്യാപാരികളെ സെസ്സ് പിരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സെസ്സ് രണ്ടു വർഷ കാലയളവിലേക്ക് മാത്രമാണ് ഈടാക്കുന്നത്. ഇതുവഴിയുള്ള അധിക വരുമാനം പൂർണ്ണമായും കേരളത്തിന്റെ പുനർനിർമ്മാണത്തിന് വേണ്ടി വിനിയോഗിക്കുന്നതാണ്. ആയതിനാൽ സെസ്സ് ചുമത്തുന്നത് ജനജീവിതം ദുസ്സഹമാക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**